**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2321** **12-02-2024 - ൽ മറുപടിയ്ക്ക്**

**കീഴ്പ്പള്ളി സി.എച്ച്.സി. യിലെ ഡയാലിസിസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കീഴ്പ്പള്ളി സി.എച്ച്.സി. യിലെ ഡയാലിസിസ് സെന്റർ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ഡയാലിസിസ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡയാലിസിസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (എ) | കീഴ്പള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ തുക ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് മുഖേന ലഭ്യമാക്കുകയും തുക കെ.എം.എസ്.സി.എൽ ന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം ഒരു സാമൂഹികാരോഗ്യ കേന്ദ്രം ആണ്. ആർദ്രം മാനദണ്ഡങ്ങൾ പ്രകാരം താലൂക്ക് ആശുപത്രി മുതലുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ നിലവിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കാൻ കഴിയുകയുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണ ഉത്തരവാദിത്തത്തിൽ സർക്കാരിന് മറ്റ് യാതൊരുവിധ സാമ്പത്തിക ബാധ്യതയും അധികമായി ഉണ്ടാകില്ല എന്നും മതിയായ ജീവനക്കാരെ ഇതിലേക്ക് നിയമിക്കണമെന്നും മറ്റുമുള്ള വ്യവസ്ഥകളടങ്ങിയ ധാരണ പത്രം ഒപ്പ് വച്ച്, ഡയാലിസിസ് കേന്ദ്രം തുടങ്ങാൻ പ്രത്യേക അനുമതി നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ